LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരിയിലെ വലിയട്ടിപറമ്പ് പ്രദേശത്ത് സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നത് തടയാൻ നടപടി

260 [3236] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽനിന്നും സ്വകാര്യ ലബോറട്ടറികളിൽനിന്നും മലിനവസ്തുക്കളും, വിസർജ്യവസ്തുക്കളും, അഴുക്കുചാലിലൂടെ ഒഴുകിവന്ന് മഞ്ചേരിയിലെ വലിയട്ടിപറമ്പ് പ്രദേശത്ത് ദുർഗന്ധവും സാംക്രമിക രോഗങ്ങളുംമൂലം ജനങ്ങൾ കഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ നാട്ടുകാരുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എന്നത്തേക്ക് ഈ പ്രശ്നം പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. മഞ്ചേരി ജില്ലാ മെഡിക്കൽ ആഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി അടിയന്തിരനടപടി കൈക്കൊള്ളുവാൻ മഞ്ചേരി മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മുനിസിപ്പൽ അധികൃതർ നടപടി കൈക്കൊള്ളേണ്ടതാകയാൽ ഒരു നിശ്ചിത കാലയളവ് പറയുവാൻ തൽക്കാലം നിർവ്വാഹമില്ല.

പാരമ്പര്യ വൈദ്യ കുടുംബങ്ങൾക്ക് ലൈസൻസ്

261 [3237] *ശ്രീ. വി. ഡി. സതീശൻ:*
„ *കെ. ബാബു:*
„ *സി. പി. മുഹമ്മദ്:*
„ *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സയ്ക്ക് ലൈസൻസുള്ള എത്ര പാരമ്പര്യ വൈദ്യ കുടുംബങ്ങളാണുള്ളത്;

(ബി) ആയുർവ്വേദത്തിൽ പാരമ്പര്യ ചികിത്സ നടത്തിയിരുന്ന എത്ര കുടുംബങ്ങൾക്ക് ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ചികിത്സയ്ക്കുള്ള ലൈസൻസ് തുടർന്ന് നൽകാതിരുന്നിട്ടുണ്ട്;

(സി) ഈ കുടുംബങ്ങൾക്ക് ചികിത്സ നടത്തുവാൻ ലൈസൻസ് തുടർന്ന് നൽകാതിരുന്നതിന്റെ ഫലമായി ഇവർ ചികിത്സയ്ക്കായി ഉപയോഗിച്ചിരുന്ന ഗ്രന്ഥങ്ങളും താളിയോലകളും സംരക്ഷിക്കുവാനും അവയിലടങ്ങിയിരുന്ന വിജ്ഞാനം പ്രയോജനപ്പെടുത്തുവാനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മൂന്നു കുടുംബങ്ങൾ.

(ബി) 1423 കുടുംബങ്ങൾക്ക്.

(സി) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പാട്ടത്തിന് നൽകിയ റവന്യൂ പുറമ്പോക്ക് ഭൂമി

262 [3238] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയ വകയിൽ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സർക്കാരിന് ലഭിച്ച പാട്ടസംഖ്യ എത്ര;

(ബി) ഏതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടക്കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും റവന്യൂ ഭൂമി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഭൂമിയുടെ പാട്ടക്കരാർ വ്യവസ്ഥപ്രകാരം എത്രകോടി രൂപയുടെ വരുമാനമാണ് സർക്കാരിന് ലഭിക്കുന്നത്; കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ലഭിച്ച സംഖ്യ എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) പാട്ടക്കരാർ വ്യവസ്ഥ ലംഘിച്ച് പാട്ടത്തിനെടുത്ത സ്ഥലം വീണ്ടും സബ്‌ലീസ് ചെയ്ത് വലിയതോതിൽ സമ്പത്തുണ്ടാക്കുന്ന സ്ഥാപനങ്ങളെയും തോട്ടം ഉടമകളെയും സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly